ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : കോഴിക്കോട്ടെ സ്വപ്നനഗരി പദ്ധതിയെ സംബന്ധിച്ച് ഇരുപതേക്കർ സ്ഥലം ടൂറിസത്തിന്റെ ആവശ്യത്തിലേക്കായി ട്രാൻസ്ഫർ ചെയ്യുന്നതിന് ഞാനും ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥതലത്തിൽ ഒരു ഡിസ്കഷൻ നടത്തി തീരുമാനം എടുത്തു. 20 ഏക്കർ സ്ഥലം ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റിന് ട്രാൻസ്ഫർ ചെയ്യണമെന്നും അതിനുപകരമായിട്ട് ഇരുപതേക്കർ സ്ഥലം ടൂറിസം ഡിപ്പാർട്ടുമെന്റ് വാട്ടർ അതോറിറ്റിക്ക് വാങ്ങിക്കൊടുക്കാമെന്നുമാണ് തീരുമാനമെടുത്തത്. ഇതിന്റെ അടിസ്ഥാനത്തിൽ ജി.ഒ. ഇഷ്യൂ ചെയ്തിട്ട് അത് നടപ്പിലാക്കാൻ പറഞ്ഞു. പക്ഷെ വാട്ടർ അതോറിറ്റിയിലെ ചില യൂണിയനുകൾ ഇതിനെ ശക്തമായി എതിർത്തു. അവരുടെ എതിർപ്പു വന്നതുകൊണ്ട് ഉത്തരവ് ഇംപ്ലിമെന്റ് ചെയ്യാൻ സാധിച്ചില്ല. വാട്ടർ അതോറിറ്റിക്ക് ഞങ്ങൾ 20 ഏക്കർ സ്ഥലം വാങ്ങിക്കൊടുക്കാം. യൂണിയനുകൾ കൂടെ അത് എഗ്രി ചെയ്ത്, ട്രാൻസ്ഫർ നടപ്പിലാക്കാൻ തയ്യാറാവുകയാണെങ്കിൽ ഈ പദ്ധതി പൂർത്തീകരിക്കാൻ യാതൊരു വിഷമവും ഇല്ല.

(12) അരൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് പട്ടയം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : അരൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ പഞ്ചായത്തു കോളനിയിലെ അടിയന്തിര സ്വഭാവമുള്ള ചില സംഗതികൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഈ കോളനികളിൽ ഇതുവരെയും പട്ടയം കൊടുത്തിട്ടില്ല. പട്ടയം കൊടുക്കാത്തതിന്റെ ഫലമായി കെട്ടിടങ്ങൾ വയ്ക്കുന്നതിന് ലോൺ വാങ്ങാൻപോലും കഴിയാത്ത സ്ഥിതിയുണ്ട്. പഴയകാലത്ത് ആർ.എൽ.ഇ.ജി.പി. ഹരിജൻ ഡിപ്പാർട്ടുമെന്റിൽ നടപ്പിലാക്കിയിരുന്ന മറ്റ് സ്കീമുകൾ മുഖേന വായ്പകൾ വാങ്ങിച്ചു പണി തുടങ്ങിയിട്ടുള്ള കെട്ടിടങ്ങൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. തൽഫലമായി ഇഷ്ടികകൾ കൊണ്ടു പണിത കെട്ടിടങ്ങൾ ഇടിഞ്ഞു വീണുകൊണ്ടിരിക്കുകയാണ്. അവിടെ വേണ്ട സൗകര്യങ്ങളൊന്നുമില്ല. കക്കൂസ് സൗകര്യമില്ല, വഴിയില്ല, കെട്ടിട സൗകര്യമില്ല, പട്ടയവുമില്ല. കെട്ടിടങ്ങൾ ഉപ്പുവെള്ളം കയറി നശിച്ചുപോകുകയാണ്. ഹരിജൻ കോളനികളായാലും, പഞ്ചായത്തു കോളനികളായാലും പൂർത്തിയാകാതെ കുറെ സ്ഥലങ്ങളിൽ കെട്ടിടങ്ങളൊന്നുമില്ല. അതാണ് ഇന്നത്തെ സ്ഥിതി. അതുകൊണ്ട് ഈ കോളനികളെ സംബന്ധിച്ച് സമഗ്രമായ ഒരു സ്കീം പഞ്ചായത്തുവകുപ്പും ഹരിജനക്ഷേമവകുപ്പും കൂടിയാലോചിച്ച് രൂപീകരിക്കണം. കെട്ടിടങ്ങൾ പുതുക്കിപ്പണിയാനും കെട്ടിടം ഇല്ലാത്ത സ്ഥലങ്ങളിൽ കെട്ടിടം ഉണ്ടാക്കാനും വേണ്ട നടപടി സ്വീകരിക്കണം. പഴയകാലത്ത് പഞ്ചായത്തിൽനിന്ന് നാലു സെന്റു സ്ഥലം കൊടുക്കുന്ന ഒരു സ്കീം ഉണ്ടായിരുന്നു. ആ കെട്ടിടങ്ങളിൽ ഇന്ന് മൂന്നും നാലും കുടുംബങ്ങൾ കഴിയുകയാണ്. നാലു സെന്റ് ഭൂമി കൊടുക്കുന്ന സ്കീമിൽപ്പെട്ട രണ്ടു പഞ്ചായത്തുകെട്ടിടങ്ങൾ ഇടയ്ക്കു ദ്വാരം വീണിട്ട് അതിനിടയിൽക്കൂടി കുട്ടികൾ അപ്പുറത്തേയ്ക്കു പോകുന്ന സ്ഥിതിയും ഉണ്ടായിട്ടുണ്ട്. അത്തരത്തിലുള്ള കെട്ടിടങ്ങൾ രണ്ടായി പണിയുക, പട്ടയം കൊടുക്കുക, വെള്ളവും വെളിച്ചവും വഴി സൗകര്യം എന്നിവ നൽകുന്നതിനാവശ്യമായ ഒരു സമഗ്രമായ പദ്ധതി രൂപീകരിക്കണമെന്ന് ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, നമ്മുടെ സംസ്ഥാനത്ത് ആകെയുള്ള 8868 പട്ടികജാതി കോളനികളിലായി രണ്ടു ലക്ഷത്തിപതിനായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയാറ് കുടുംബങ്ങളും, 3945 പട്ടികവർഗ്ഗ കോളനികളിലായി അറുപത്തിയൊൻപതി

LIBRARY ARCHIVES Kerala Legislative Assembly

നായിരത്തി നാന്നൂറ്റിനാൽപ്പത്തിയൊന്ന് കുടുംബങ്ങളും നിവസിക്കുന്നുണ്ട്. ഇവയിൽ 1613 പട്ടികജാതി കോളനികളും 211 പട്ടികവർഗ്ഗ കോളനികളും തീവ്ര സങ്കേത വികസനത്തിന് തെരഞ്ഞെടുക്കപ്പെട്ടവയാണ്. അതുപോലെതന്നെ 175 പട്ടികജാതി കോളനികളും 36 പട്ടികവർഗ്ഗ കോളനികളും അംബേദ്കർ കോളനികളായി തെരഞ്ഞെടുപ്പ് വിവിധ വികസന പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. ബഹുമാന്യയായ ഗൗരിഅമ്മ ചൂണ്ടിക്കാണിച്ച അരൂരിലെ പട്ടയം കിട്ടാത്ത പ്രശ്നം പരിഹരിക്കുന്നതിന് മറ്റു വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ത്രിതല പഞ്ചായത്ത് സംവിധാനം വഴി എല്ലാ കോളനികളിലും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും വാസയോഗ്യമായ പാർപ്പിടവും തൊഴിലും ശുദ്ധജലവും വൈദ്യുതിയും റോഡും മറ്റെല്ലാ സൗകര്യങ്ങളും കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഒൻപതാം പഞ്ചവത്സരപദ്ധതിയോടുകൂടി പരമാവധിയാളുകൾക്ക് എല്ലാം സഹായവും ചെയ്യും അതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

(13) ലോക്കൽ ഫണ്ട് ആഡിറ്റ് സ്റ്റാഫ് കൗൺസിൽ തെരഞ്ഞെടുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ലോക്കൽ ഫണ്ട് ആഡിറ്റ് സ്റ്റാഫ് കൗൺസിൽ രൂപീകരിക്കുന്നതിന് തെരഞ്ഞെടുപ്പ് നടത്താൻ വേണ്ടിയുള്ള ഏർപ്പാടുകൾ ഡയറക്ടർ ചെയ്തു. ഡിസംബർ 31-ാം തീയതിവരെ അതാത് തസ്തികയിലുള്ള സ്റ്റാഫ് അംഗങ്ങളെ വോട്ടേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയാണ് റൂൾസ് അനുസരിച്ച് ചെയ്യേണ്ടത്. അതനുസരിച്ച് ഡിസംബർ 31-വരെയുള്ള ഓരോ കാറ്റഗറി തിരിച്ചുള്ള വോട്ടർമാരുടെ ലിസ്റ്റ് പബ്ളിഷ് ചെയ്തു. ആദ്യത്തെ നോട്ടിഫിക്കേഷൻ വന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രോറോൾ പബ്ളിഷ് ചെയ്തു. അതിനുശേഷം രണ്ടാമത്തെ നോട്ടിഫിക്കേഷൻ വന്നു ആ നോട്ടിഫിക്കേഷനിലാണ് നോമിനേഷൻ, സ്ക്രൂട്ടിനി പിൻവലിക്കൽ ഇലക്ഷന്റെ ഡേറ്റ് എല്ലാം റൂൾ അനുസരിച്ച് വരേണ്ടതാണ്.

അതനുസരിച്ച് രണ്ടാമത്തെ നോട്ടിഫിക്കേഷനും ഡയറക്ടർ ഇറക്കി. ആ നോട്ടിഫിക്കേഷൻ അനുസരിച്ച് നോമിനേഷൻ നൽകി. സ്ക്രൂട്ടിണി കഴിഞ്ഞു; ചിലർ പിൻവലിച്ചു. ചിലർ കഴിഞ്ഞു. ആദ്യത്തെ നോട്ടിഫിക്കേഷൻ അനുസരിച്ച് സ്ക്രൂട്ടിണിയും ബാക്കിയുള്ള കാര്യങ്ങളും കഴിഞ്ഞു. കാൻഡിഡേറ്റ്സിന്റെ പേര് പബ്ലിഷ് ചെയ്യുന്നതിന് പകരം അവിടെ ഒരു വിഭാഗം ഇലക്ഷനിൽ തോക്കുമെന്ന് കണ്ടപ്പോൾ - ആ ഡയറക്ടർ ഒരു രാഷ്ട്രീയ പ്രവർത്തകനാണ്. അദ്ദേഹത്തിന്റെ പ്രധാന ജോലി രാഷ്ട്രീയമാണ്. അൽപ്പസ്വൽപ്പമൊക്കെയാകാം. ഇത്രയൊക്കെയാകാമോ? ഏതായാലും അദ്ദേഹം ആ ഇലക്ഷൻ ക്യാൻസൽ ചെയ്തു. മൂന്നാമത്തെ നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്തു. കാരണമെന്താണെന്നുവച്ചാൽ ചിലർ അവിടെ തോൽക്കും. മൂന്നാമത്തെ നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്തിട്ട് അടുത്ത ജൂൺ 30-ന്റെ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കി തെരഞ്ഞെടുപ്പ് നടത്താമെന്നാണ് പറയുന്നത്. ലോക്കൽ ആന്റ് ആഡിറ്റ് സ്റ്റാഫ് കൗൺസിൽ റൂൾസ് ഉണ്ട്. ആ റൂൾസിലെ 12(8) അനുസരിച്ച് രണ്ട് സാഹചര്യത്തിലേ ഈ മൂന്നാമത്തെ നോട്ടിഫിക്കേഷൻ, അതായത് ഇലക്ഷൻ ക്യാൻസൽ ചെയ്യാനുള്ള നോട്ടിഫിക്കേഷൻ ഇറക്കാൻ ഡയറക്ടർക്കേ അധികാരമുള്ളൂ. അതായത് ഒന്ന്, കണ്ടസ്റ്റ് ചെയ്യാൻ സ്ഥാനാർത്ഥികൾ ഇല്ലാതെ വന്നാൽ അദ്ദേഹത്തിന് അത് ക്യാൻസൽ ചെയ്യാൻ ഈ റൂൾ അനുസരിച്ച് അധികാരമുണ്ട്. രണ്ട്, ഇലക്ഷൻ നടക്കാത്ത സാഹചര്യം വന്നാൽ ആ സന്ദർഭത്തിലല്ലാതെ ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly